# ഗദ്യരചനാപ്രദീപിക.

ഒന്നാം ഭാഗം.

സി. പി. പരമേശ്വരൻപിള്ള, എം. ആർ. ഏ. എസ്.

എസ്. ആർ. ബുക്കഡിപ്പോ,
തിരുവനന്തപുരം.

പകർപ്പവകാശം

'സരസ്വതീവിലാസം' പ്രസ്സ്,
തിരുവനന്തപുരം.

൧൦൪൬

ഗ്രന്ഥകർത്താവിൻെറ മുദ്രയില്ലാത്ത പ്രതി വ്യാജമാകുന്നു.

# വാക്യരചനാപ്രവേശിക.

ഒന്നാം ഭാഗം.

സി. പി. പരമേശ്വരൻപിള്ള, എം. ആർ. ഏ. എസ്.

എസ്. ആർ. ബുക്കഡിപ്പോ,
തിരുവനന്തപുരം.

പകപ്പവകാശം

'സരസ്വതീവിലാസം' പ്രസ്സ്,
തിരുവനന്തപുരം.

൧൦൮൩

ഗ്രന്ഥകത്താവിന്റെ മുദ്രയില്ലാത്ത പ്രതി വ്യാജമാകുന്നു.

# വാക്യരചനാപ്രവേശിക

## ഒന്നാം ഭാഗം.

### പാഠം ൧.

#### പൂച്ച.



കുട്ടികൾ ഉപയോഗിക്കേണ്ട വാക്കുകൾ:—

൧. രോമം.
മിനുസമായതു്, പശിമയുള്ളതു്, നക്കുന്നു, വയ്ക്കാൻ, വൃത്തിയാക്കി.

൨. കണ്ണും ചെവിയും.
കൃഷ്ണമണി, കൂർത്തതു്, മടങ്ങാത്തതു്.

൩. നഖങ്ങൾ.
ബലമുള്ളതു്, കൂർത്തതു്, മൂർച്ചയുള്ളതു്, മുൻവശത്തു കൈകൾ.

## ചോദ്യങ്ങൾ.

൧. പൂച്ചയുടെ രോമം എങ്ങനെയുള്ളതാണ്?

൨. പൂച്ച ആ രോമത്തെ എന്തുചെയ്യുന്നു?

൩. പൂച്ച അങ്ങനെ ചെയ്യുന്നതെന്തിനാണ്?

൪. പൂച്ചയ്ക്കു എത്ര കണ്ണുണ്ടു്?

൫. പൂച്ചയ്ക്കു എത്ര ചെവിയുണ്ടു്?

൬. മേൽ കണ്ട ചോദ്യങ്ങൾക്കു ൪-നും ൫-നും കൂട ഒരുത്തരം പറക.

൭. പൂച്ചയുടെ കണ്ണിൻെറ നടുക്കു കാണുന്ന കറുപ്പിൻെറ പേർ എന്തു്?

൮. പൂച്ചയുടെ ചെവി എങ്ങനെയുള്ളതു്?

൯. ചെവിഎപ്പോഴുംഎങ്ങനെയാണ് ഇരിക്കുന്നതു്?

൧൦. പൂച്ചയുടെ നഖങ്ങൾ എവിടെ ഇരിക്കുന്നു?

൧൧. പൂച്ചയുടെ നഖങ്ങൾ എങ്ങിനെയുള്ളവ?

൧൨. പൂച്ചയുടെ നഖങ്ങളുടെ ആകൃതി എന്തു്?

൧൩. പൂച്ചയുടെ നഖങ്ങൾ എപ്പോഴും കാണാമോ?

൧൪. പൂച്ചയുടെ നഖങ്ങൾകാണാവുന്നതുഎപ്പോൾ?

൧൫. പൂച്ചയുടെ പിൻവശത്തു വടം പോലെ കിടക്കുന്നതു് എന്താണ്?

൧൬. പൂച്ചയെ നാം വളൎത്തുന്നതു് എന്തിനാണ്?

൧൭. പൂച്ചയുടെ തീററി എന്തെല്ലാമാണ്?

൧൮. പൂച്ചയ്ക്കു ഇരിക്കാൻ രസമുള്ളതെവിടെയാണ്?

൧൯. പൂച്ച ആളിനോട്ട് ഇണക്കമുള്ളതോ ഇല്ലാത്തതോ?

൨൦. പൂച്ചയ്ക്കു ആളിനോടോ, വീട്ടിനോടോ അധികം സ്നേഹം?

# പാഠം ൨.

## പശു.



കുട്ടികൾ ഉപയോഗിക്കേണ്ട വാക്കുകൾ:—

| ൧. ഉടൽ | ൨. കൊമ്പും കുളമ്പും. | ൩. തീററിമുതലായതു് |
|---|---|---|
| വലിയ ഉടൽ, നീണ്ട വാൽ, അററത്തു, നീണ്ടരോമം. | രണ്ടുകൊമ്പു, വളഞ്ഞ രോമം, മുൻവശത്തു തല, രണ്ടായി പിളൎന്ന കുളമ്പു്. | ജീവിക്കുന്നു, വയൽ, പുല്ലു്, പാൽ, പാട, വെണ്ണ, തയിർ. |

### ചോദ്യങ്ങൾ.

൧. പശുവിൻെറ ഉടൽ വലുതോ ചെറുതോ?

൨. പശുവിൻെറ വാൽ നീണ്ടോ കുറുകിയോ?

൩. രണ്ടുത്തരവും കൂടി ഒന്നാക്കി പറക.

൪. പശുവിൻെറ കുളമ്പു് എങ്ങനെ ഇരിക്കുന്നു?

൫. പശുവിനു് എത്ര കൊമ്പുണ്ടു്?

൬. കൊമ്പുകൾ ഉണ്ടാകുന്നതു് എവിടെയാണു്?

൭. ഒടിഞ്ഞുപോയ കൊമ്പു വളരുമോ?

൮. പശുവിന് എവിടെ നില്പാനാണ് ആഗ്രഹം?

൯. പശുവിന് എന്തുതീററിയാണ് ആഗ്രഹം?

൧൦. ൮-ം ൯-ം ചോദ്യങ്ങൾക്കുള്ള ഉത്തരം ഒരുമിച്ചു പറക.

൧൧. പശു നമുക്ക് എന്തു തരുന്നു?

൧൨. പാലിലെ ഗുണം കൂടിയ ഭാഗം എതാണ്?

൧൩. പാലിൽ നിന്ന് എന്തെല്ലാം ഉണ്ടാക്കാം?

൧൪. ചിത്രത്തിലെ ആൾ പശുവിനെ എന്തുചെയ്യുന്നു.

൧൫. പശുവിന്നു നഖം ഉണ്ടോ?

൧൬. മനുഷ്യരുടെ കാലിനും പശുവിൻെറ കാലിനും തമ്മിൽ വല്ല വ്യത്യാസവും ഉണ്ടോ?

൧൭. പശുവിൻെറ ചെവി എങ്ങനത്തേതു്?

൧൮. വാലിൻെറ അററത്തു എന്തുണ്ടു്?

൧൯. വാലിൻെറ നടുക്കുള്ളവയും അററത്തുള്ളവയും തമ്മിലുള്ള വ്യത്യാസമെന്തു്?

൨൦. വാൽകൊണ്ടു പശു എന്തുചെയ്യുന്നു?

# പാഠം ൩.

## കോഴി.



കുട്ടികൾ ഉപയോഗിക്കേണ്ട വാക്കുകൾ:—

**൧. തൂവൽ.**

ഉടൽ വലുത്, പൂട, വാലിൽ നീണ്ട തൂവൽ, നെഞ്ചിൽ, ചിറകുകൾ, അടുക്കടുക്കായി തൂവലുകൾ ഇരിക്കുന്നു.

**൨. തലയും കാലും.**

തല ചെറുത്, വളഞ്ഞു നീണ്ട ചുണ്ട്, പൂവ്, മെത്തപോലെ, രണ്ടുകാൽ, മൂന്നു വിരൽ, മൂർച്ചയുള്ള നഖം പിൻവശത്ത്, ഒന്ന്, അല്പം മുകളിൽ നഖമില്ല, ഒരു വിരൽ.

**൩. തീററി മുതലായവ**

അരി, പുഴുക്കൾ നിലം കിണ്ടുന്നു, മുട്ട അട വെയ്ക്കുന്നു, ചൂടുകൊണ്ട് പൊട്ടി, കൊത്തിപ്പിരിക്കുന്നു.

## ചോദ്യങ്ങൾ.

൧. കോഴിയുടെ ഉടൽ എങ്ങനെയുള്ളതു്?

൨. ഉടൽ ചെറുതോ വലുതോ?

൩. നെഞ്ചത്തെ തൂവലുകൾക്കു പേരെന്തു്?
൪. പൂടകൾ ഉള്ളതു് എവിടെയാണു്?
൫. അട്ടക്കട്ടക്കായിക്കാണുന്ന തൂവലുകൾക്കു് എന്തു പേർ?
൬. അവകൊണ്ടുള്ള ഉപയോഗമെന്തു്?
൭. വാലിലെ തൂവലുകൾ എങ്ങിനെയുള്ളവ?
൮. തല വലുതോ ചെറുതോ?
൯. ചുണ്ടിന്റെ ആകൃതി എന്തു്?
൧൦. തൊട്ടുനോക്കിയാൽ അതു് എന്തുപോലെ ഇരിക്കും.
൧൧. തലയുടെ മുകളിൽ കാണുന്നതു് എന്താണു്?
൧൨. തൊട്ടുനോക്കിയാൽ അതു് എന്തുപോലെ ഇരിക്കും?
൧൩. കോഴിക്കു് എത്രകാലുണ്ടു്?
൧൪. കോഴിക്കു് എത്ര വിരലുകൾ ഉണ്ടു്?
൧൫. മുൻവശത്തു് എത്ര വിരൽ?
൧൬. പിൻവശത്തു് എത്ര വിരൽ?
൧൭. പിൻവശത്തുള്ള വിരലിനു മുൻവശത്തുള്ളവയെക്കാൾ വിശേഷം എന്തുകൊണ്ടു്?
൧൮. നഖം എങ്ങനെയുള്ളതു്?
൧൯. കോഴിയുടെ തീററി എന്തെല്ലാം?
൨൦. വിരലുകളുടെ ഉപയോഗം എന്തു്?
൨൧. പുഴുക്കളെ കിട്ടാൻ കോഴി എന്തുചെയ്യുന്നു?
൨൨. കോഴിയുടെ കുഞ്ഞുങ്ങൾ എവിടെ നിന്നുണ്ടാകുന്നു?
൨൩. അതിൽ നിന്നു് അവ എങ്ങനെയുണ്ടാകുന്നു?
൨൪. മുട്ടകളുടെ മേൽ കോഴി ഇരിക്കുന്നതെന്തിനാണു്?

൨൫. അടയിരിക്കുന്നതു് എങ്ങനെയാണു്?

൨൬. കുഞ്ഞുങ്ങളുമായി പോകുമ്പോൾ തള്ളക്കോഴി വല്ല പൂച്ചയെയൊ മറേറാ കണ്ടാൽ ചിറകുകൾ വിടിത്തി നടക്കുന്നതെന്തിനു്?

൨൭. കോഴിക്കും പശുവിനും തമ്മിലുള്ള വ്യത്യാസമെന്തു്?

---

## പാഠം ൪.

---

### കുരുവി.



കുട്ടികൾ ഉപയോഗിക്കേണ്ട വാക്കുകൾ:—

| ൧. ചുണ്ടു്. | ൨. കാലു്. | ൩. തീററിയും കൂടും. |
|---|---|---|
| കുരുവിച്ചുണ്ടു്, | നാലുവിരലുകൾ, | മരക്കൊമ്പു്, തിന്ന |
| കുറുകിയതു്, | മൂന്നു്, മൂന്നിൽ ഒന്നു്, | ന്നു, ഈച്ചകൾ, പു |
| മുനയുള്ളതു്. | പിന്നിൽ മുച്ച്യുള്ള, | ഴുക്കൾ, ഉരുണ്ടു്, |
| | പിടിക്കാം, നഖങ്ങൾ | വയ്ക്കോൽ. |

## ചോദ്യങ്ങൾ.

൧. കുരുവിയുടെ ചുണ്ടു നീണ്ടതാ കുറുകിയതൊ?
൨. ചുണ്ടിന്റെ ആകൃതി എന്തു്?
൩. ഉത്തരങ്ങൾ രണ്ടും ഒന്നിച്ചുചേൎത്തു പറക.
൪. കുരുവിക്കു് എത്ര കാലുണ്ടു്?
൫. ഓരോ കാലിലും എത്ര വിരലുകൾ വീതമുണ്ടു്?
൬. കാലിന്റെ മുൻവശത്തു് എത്ര വിരലുകൾ ഉണ്ടു്?
൭. കാലിന്റെപിൻവശത്തു് എത്രവിരലുകൾ ഉണ്ടു്?
൮. ൬-ം ൭-ം ചോദ്യങ്ങൾക്കു് ഒന്നായിഉത്തരംപറക?
൯. കുരുവിയുടെ വിരലുകളിലെ നഖങ്ങൾ എങ്ങനെയുള്ളവ?
൧൦. കുരുവി മരക്കൊമ്പിൽ ഇരിക്കുന്നതു് എങ്ങനെയാണു്?
൧൧. കുരുവി എന്തെല്ലാം തിന്നുന്നു?
൧൨. കുരുവി കൂടുകെട്ടുന്നതു് എവിടെയാണു്?
൧൩. എന്തുസാധനം കൊണ്ടാണു കൂടുണ്ടാക്കുന്നതു്?
൧൪. കൂട്ടിന്റെ ആകൃതി എന്തു്?
൧൫. ചിത്രത്തിലെകൂട്ടിനകത്തുകാണുന്നതു എന്താണു്?
൧൬. കൂട്ടിനടുത്തിരുന്നു കുരുവി എന്തുചെയ്യുന്നു?
൧൭. കുരുവിയുടെ ചുണ്ടിൽ തൂങ്ങിക്കിടക്കുന്നതു് എന്താണു്?
൧൮. കുരുവി പറക്കുകയൊ നടക്കുകയൊ എന്താണു ചെയ്യുന്നതു്?
൧൯. കുരുവിയുടേയും കോഴിയുടേയും വാലുകൾക്കു് വ്യത്യാസമുണ്ടോ?
൨൦. കുരുവിയുടേയും കോഴിടേയും ചുണ്ടുകൾക്കുവ്യത്യാസമുണ്ടോ?

# പാഠം ൫

## നാരങ്ങാ.



കുട്ടികൾ ഉപയോഗിക്കേണ്ട വാക്കുകൾ:—

| ൧. ചെടി. | ൨. കായ്. | ൩. അകം. |
| --- | --- | --- |
| ഇലനീണ്ടു്, പച്ച, പൂവു്, വെളുത്ത ഞെട്ടു്, മരം, കവരം, കശക്കിയാൽ, മണം. | ഉരുണ്ടു്, പച്ച, പഴം, മഞ്ഞ, മണം, വണ്ണം, പേരയ്ക്കായോളം, തൊലി, കട്ടി. | കനം കുറഞ്ഞ, തൊലി, വെള്ള നിറം, ദശ, നെല്ലുപോലെ, അടുക്കടുക്കായി അറകൾ. |

ചോദ്യങ്ങൾ.

൧. നാരങ്ങ കായ്ക്കുന്നതു് എവിടെയാണു്?
൨. നാരങ്ങ എന്നതു് എന്താണു്?
൩. അതു് എന്തിൽ തൂങ്ങിക്കിടക്കുന്നു?
൪. കൊമ്പിൽ വേറെ എന്തുകൂടി കാണാം?

൫. ഇലയുടെ നിറമെന്തു്?

൬. ഇലയുടെ ആകൃതി എന്തു്?

൭. പൂവിന്റെ നിറമെന്തു്?

൮. പൂവിന്നു് എത്ര ഇതളുണ്ടു്?

൯. ഇത്രയും ഇതളുകൾ മാത്രമുള്ള വേറെ പൂക്കൾ വല്ലതും നിങ്ങൾ കണ്ടിട്ടുണ്ടോ?

൧൦. ഉണ്ടെങ്കിൽ നാലെണ്ണത്തിന്റെ പേർ പറക.

൧൧. പൂക്കൾ വാടി ഇതളുകൾ പൊഴിഞ്ഞാൽ അതിൽ എന്തുണ്ടാകും?

൧൨. നാരങ്ങയെ എന്തു പൊതിഞ്ഞിരിക്കുന്നു?

൧൩. പുറംതൊലിയുടെ നിറമെന്തു്?

൧൪. അകംതൊലിയുടെ നിറമെന്തു്?

൧൫. പുറംതൊലി കട്ടിയോ കനം കുറഞ്ഞതോ?

൧൬. അകംതൊലി കട്ടിയോ കനം കുറഞ്ഞതോ?

൧൭. ദശ എവിടെ ഇരിക്കുന്നു?

൧൮. ദശയുടെ അംശങ്ങളുടെ ആകൃതി എന്തു്?

൧൯. ദശ എത്ര അറകളായിട്ടു ഭാഗിച്ചിരിക്കുന്നു?

൨൦. അറകളിൽ ദശ മാത്രമേ കാണ്മാനുള്ളോ?

൨൧. അരി എന്നു വെച്ചാൽ എന്താണു്?

൨൨. അരിയിൽനിന്നു് എന്തുണ്ടാകുന്നു?

൨൩. അറകൾ ചേൎന്നിരിക്കുന്ന ഭാഗത്തിനുള്ള പേരെന്താണു്?

൨൪. അതിന്റെ നിറമെന്തു്?

൨൫. നാരങ്ങാപ്പഴത്തിന്റെ നിറമെന്തു്?

൨൬. നാരങ്ങാ മണമുള്ളതോ ഇല്ലാത്തതോ?

൨൭. നാരങ്ങാ എന്തിനുകൊള്ളാം?

൨൮. ഒരു പഴത്തിനു എത്ര വലിപ്പംവരും?

൨൯. ഇലയ്ക്കു മണം ഉണ്ടോ? എപ്പോൾ?

൩൦. ഇതുപോലെ വേറെ വല്ല ഇലയുടെയും പേർ പറയാമോ.

## പാഠം ൩.

ചക്ക.



കുട്ടികൾ ഉപയോഗിക്കേണ്ടവാക്കുകൾ:—

| ൧. മരം. | ൨. കായ്. | ൩. അകം. |
| --- | --- | --- |
| മരം, വലിയ, തടി, ഉറപ്പു്, ഉണ്ടു്, വിളഞ്ഞതു, മഞ്ഞ, മിനുസമായ, ഇല നീണ്ടു്, പരന്നു, പച്ച, കള, തോട്ട, രണ്ടു് വിരൽപോലെ, ഒടിച്ചു, കറ, വെള്ള, പശ. | ഉരുണ്ടു്, നീണ്ടു്, പച്ച, മുള്ളു, ഞെട്ടു്, ഉറച്ചു, തൂങ്ങിക്കിടക്കുന്നു, തടിയിൽ, പഴം, മണം. | നടുവേ, വെള്ള, പൂഞ്ചു്, മൃദു, ചേന്നു്, ചുള, അകം, കുരു, കുരുത്തൊലി, പരിപ്പു്, ചുള, പഴം മധുരം. |

## ചോദ്യങ്ങൾ.

൧. ചക്ക എന്തിൽ കായ്ക്കുന്നു?

൨. അതു് എങ്ങനെയുള്ള മരം?

൩. തടി ഉറപ്പുള്ളതോ ഇല്ലാത്തതോ?

൪. വിളഞ്ഞതടിയുടെ നിറമെന്തു്?

൫. തടി ചെത്തിയാൽ മിനുസമാകുന്നതോ അല്ലാത്തതോ?

൬. ഇലയുടെ ആകൃതി എന്തു്?

൭. ഇലയ്ക്കു കട്ടിയുണ്ടോ ഇല്ലയോ?

൮. ഇലയുടെ നിറമെന്തു്?

൯. കള എന്നു വച്ചാൽ എന്തു്?

൧൦. അതിനെ എന്തു പൊതിഞ്ഞിരിക്കുന്നു?

൧൧. പൊതിഞ്ഞസാധനം അടന്നുപോയാൽ അതിന്റെ ആകൃതി എന്തു്?

൧൨. കളയൊടിച്ചാൽ എന്തുസാധനം ആ ഒടിയിൽ നിന്നു് ഒലിക്കും?

൧൩. അതിന്റെ നിറമെന്തു്?

൧൪. അതുവെള്ളംപോലെയാണോ ഇരിക്കുന്നതു്?

൧൫. മരത്തിൽ എവിടെയാണു് ചക്ക കാണുന്നതു്?

൧൬. ചക്കയുടെ ആകൃതി എന്തു്?

൧൭. ചക്കയുടെ നിറമെന്തു്?

൧൮. അതിന്റെ പുറത്തു് എന്തുണ്ടു്?

൧൯. മരത്തിൽ ചക്ക എങ്ങനെ കിടക്കുന്നു?

൨൦. ചക്കയെ മരത്തോടു യോജിപ്പിക്കുന്നതു് എന്താണു്?

൨൧. ചക്കയ്ക്കു മണമുണ്ടോ?

൨൨. ഞെട്ടിൽ നിന്നു നെടുകെ കാണുന്നതെന്താണ്?
൨൩. അതിന്റെ നിറമെന്തു്?
൨൪. അതിനു കടുപ്പമോ മൃദുത്വമോ ഉള്ളതു്?
൨൫. അതിനോടു ചേൎന്നിരിക്കുന്നതു് എന്താണ്?
൨൬. അതിന്റെ നിറമെന്തു്?
൨൭. പിളൎന്ന ചക്കയിൽ ചുളയ്ക്കകത്തു കാണുന്നതെന്തു്?
൨൮. ചുളയ്ക്കകത്തു കാണുന്നതിനെ എന്തു് പൊതിഞ്ഞിരിക്കുന്നു?
൨൯. ആ പൊതിയ്ക്കകത്തുള്ളതു് എന്തു്?
൩൦. ചക്കപ്പഴത്തിന്റെ നിറമെന്തു്?
൩൧. അതിന്റെ രുചിയെന്തു്?
൩൨. പച്ചച്ചക്ക എന്തിനുകൊള്ളാം?
൩൩. ചക്കയുടെ തോട്ടിനു പേരെന്തു്?
൩൪. അതെന്തിനുകൊള്ളാം?
൩൫. ചക്കപ്പൂഞ്ഞു വല്ലതിനും ഉപയോഗപ്പെടുത്താറുണ്ടോ?

---

## പാഠം ൭.

---

### തവള.



കുട്ടികൾ ഉപയോഗിക്കേണ്ട വാക്കുകൾ.

൧. കാല്. നാലു കാലുകൾ, പിൻവശത്തെത്, നീളം കൂടിയത്, മുൻവശത്തേത്, ചാടുന്നു, തൊലി, ഇടയ്ക്ക്, വിരലുകൾ, നീന്താൻ, ഇരട്ടമടക്ക്.

൨. ഉടൽമുതലായത് പിൻഭാഗം, വീതി, അധികം, ഇടുങ്ങി, മുൻഭാഗം, കറുത്ത, പാട്ടുകൾ, കണ്ണ്, വലുത്, വായ്, നാക്ക്, നീളം.

൩. സ്വഭാവം, തീററി മുതലായത്. വെള്ളം, ജന്തുക്കൾ, ചെറിയ, തിന്നുന്നു, കരച്ചിൽ, മുറട്ട്, പുനത്തിൽ, ഇരിപ്പ്,

ചോദ്യങ്ങൾ.

൧. തവളയ്ക്ക് എത്ര കാലുണ്ട്?

൨. മുൻവശത്തെ കാലുകളും പിൻവശത്തേക്കാലുകളും തമ്മിലുള്ള വ്യത്യാസമെന്ത്?

൩. ഏതു കാലുകളാണു ചാടുമ്പോൾ ഉപയോഗിക്കുന്നത്?

൪. ഏതു കാലുകൾക്കാണ വിരലുകളുടെ ഇടയിൽ തൊലിയുള്ളതു്?

൫. ഈ തൊലികൊണ്ടു തവളയ്ക്കെന്തു സൌകൎയ്യമുണ്ടു്?

൬. പുറംകാലുകളുടെ ഇരിപ്പു് എങ്ങനെയാണ്?

൭. അവ അങ്ങിനെ ഇരുന്നില്ലെങ്കിൽ എന്തു ദോഷമുണ്ടു്?

൮. ഉടലിൻെറ ആകൃതി എങ്ങനെ?

൯. പിൻഭാഗത്തിന മുൻഭാഗത്തെക്കാൾ എന്തുണ്ടു്?

൧൦. ഉടലും തലയും തമ്മിലുള്ള വണ്ണം എങ്ങനെ?

൧൧. മേത്തു് എന്തുണ്ടു്?

൧൨. അവയുടെ നിറമെന്തു്?

൧൩. കണ്ണുകൾ ചെറുതോ വലുതോ?

൧൪. വായ് വലുതോ ചെറുതോ?

൧൫. തവളയ്ക്കു് നാക്ക് ഉണ്ടോ?

൧൬. നാക്ക നീളം കുറുകിയതോ കൂടിയതോ?

൧൭. തവളയ്ക്കു് എവിടെ കിടക്കാനാണ താൽപൎയ്യം?

൧൮. തവള തിന്നുന്നതു് എന്തെല്ലാമാണ്?

൧൯. തവളയുടെ കരച്ചിൽ കേൾക്കാൻ സുഖമുള്ളതാണോ?

# പാഠം ൮.

## കുതിര.



കുട്ടികൾ ഉപയോഗിക്കേണ്ട വാക്കുകൾ:—

൧. തലയും കഴുത്തും.

തല, നീണ്ടു്, കഴുത്തു്, വളഞ്ഞു്, കുഞ്ചിരോമം, നീണ്ട, വായ്, പല്ലുകൾ, കടവാപ്പല്ലുകൾ, കുറെഭാഗം, പല്ലില്ല, ആറു മുൻപല്ലു്, കണ്ണു്, വലുതു്, പ്രകാശമുള്ളതു്, ഇടുങ്ങിയ മൂക്കു്, ദ്വാരം വലുതു്, ചെവി, കൂൎത്തതു്, ചെറുതു്.

൨. ഉടലും കാലും.

ഉടൽ, നീണ്ട, മൃദുവായി, ചെറിയ രോമം, നെഞ്ചു, വീതിയുണ്ടു്. കാലുകൾ, ബലം, വണ്ണം കുറഞ്ഞും, പാദം, ഉരുണ്ടു്, കുളമ്പു, അകം പൊള്ള, ലാടം.

൩. തീററിയും സ്വഭാവവും മററും.

പച്ചപ്പുല്ലു്, മുതിര, കോതമ്പുതവിടു്, വളരെബലം, വലിയ ഭാരം, ചുമക്കുന്നു, ഉടമസ്ഥൻ, സ്നേഹം, വണ്ടി, വലിക്കുന്നു, വാലു, നീളം കുറഞ്ഞതു്, അററത്തു നീണ്ട രോമം, ആട്ടുന്നു, ഈച്ചകളേയും മററും, ഓടിക്കുന്നു.

## ചോദ്യങ്ങൾ.

൧. കുതിരയുടെ ഉടലിന്റെ ആകൃതി എന്തു്?

൨. അതിന്റെ നെഞ്ചു് എങ്ങനെയുള്ളതു്?

൩. കഴുത്തു്, എങ്ങനെയുള്ളതു്?

൪. കഴുത്തിൽഎന്തുണ്ടു്?

൫. ൩-ം ൪-ം ഉത്തരങ്ങൾ ഒന്നിച്ചു ചേൎത്തുപറക.

൬. തലയുടെ ആകൃതി എന്തു്?

൭. ചെവി എവിടെ ഇരിക്കുന്നു?

൮. ചെവിയെ വിവരിക്കുക.

൯. കുതിരയുടെ മൂക്കു് എങ്ങനെയിരിക്കുന്നു?

൧൦. മൂക്കിലെ ദ്വാരം എങ്ങനത്തേതു്?

൧൧. മുൻപല്ലുകൾ എന്തിനു് ഉപയോഗിക്കുന്നു?

൧൨. അവ എണ്ണത്തിൽ എത്ര?

൧൩. കടവാപ്പല്ലുകളുടേയും മുൻപല്ലുകളുടേയും ഇടയ്ക്കു് എന്തു കാണുന്നു ?

൧൪. ആ വിടവു് എന്തിനായിട്ടാണു് ഉണ്ടാക്കിയിരിക്കുന്നതു്?

൧൫. കുതിരയുടെ കണ്ണു് എങ്ങനെയുള്ളതു്?

൧൬. ഉടലിൽ എങ്ങനെയുള്ള രോമം മൂടിയിരിക്കുന്നു?

൧൭. കാലു് എങ്ങനത്തേതു്?

൧൮. കാലിൽ എന്തുണ്ടു്?

൧൯. കുളമ്പു പശുവിന്റെ കുളമ്പുപോലെയാണോ ?

൨൦. കുളമ്പിന്റെ അകം എങ്ങനെഇരിക്കുന്നു?

൨൧. കളമ്പിൽ തറയ്ക്കുന്നതു് എന്താണു്?

൨൨. അതെങ്ങനെ തറയ്ക്കുന്നു?

൨൩. കുതിര എന്തെല്ലാം തിന്നുന്നു?

൨൪. കുതിരയുടെ ബലം കൊണ്ടു് അതിനു് എന്തു കഴിയുന്നു?

൨൫. കുതിരയുടെ വാൽ എങ്ങനത്തേതു്?

൨൬. വാലുകൊണ്ടുള്ള ഉപയോഗം എന്തു്?

൨൭. അതിനു വലിയ വണ്ടികൾ വലിക്കാൻ കഴിവുള്ളതെന്തുകൊണ്ടു്?


൨൮. അതിനു ചാടിയോടാൻ കഴിയുന്നതു് എന്തുകൊണ്ടു്?

൨൯. കുതിര എജമാനന്റെനേക്കു് എന്തു കാണിക്കുന്നു?

ഉപദേശം:—കുതിരയുടെ വാ പൊളിച്ചുവച്ചു മുഖം മാത്രം ബോർഡിൽ വരച്ചു് അതിന്റെ മുൻപല്ലുകളും കടവാപ്പല്ലുകളും കടിവാറിനു കിടക്കാൻ മദ്ധ്യേ ഉള്ള പല്ലില്ലാത്തസ്ഥലവും കാണിച്ചു് ആ ഭാഗത്തെ സംബന്ധിച്ച ചോദ്യങ്ങൾ ചോദിക്കണം.

# പാഠം ൯.

## മത്സ്യം.



കുട്ടികൾ ഉപയോഗിക്കേണ്ട വാക്കുകൾ:—

| ൧. നെയ്മീൻ | ൨. ഉടൽ. | ൩. ചവളയും ശ്വാസക്കുഴലും. | ൪. വാല് |
|---|---|---|---|
| പിടിക്കുന്നു, | പിനാൽ, | രണ്ടുവശവും, | വലിയ ചവള |
| കടൽ, | മൂടി, | വെള്ളം, | അനങ്ങുന്നു, |
| ചെറുത്. | വളരെ, | വായ്, | ഒരു വശത്തു |
| | കുറവ്, | നീന്തുന്നു. | നിന്നുമറെറാ |
| | വണ്ണം, | | രുവശത്തു്, തു |
| | വാൽ, | | ഴയുന്നു, കൂടി. |

## ചോദ്യങ്ങൾ.

൧. നെയ്മീൻ എവിടെനിന്നു കിട്ടുന്നു?

൨. അതിന് എന്തു വലിപ്പം കാണും?

൩. രണ്ടുത്തരവുംകൂടി ഒന്നിച്ചു ചേർത്തെഴുതുക?

൪. നെയ്മീനിൻെറ ഉടലിൽ എന്തുണ്ടു്?

൫. ആ സാധനം ഉടലിൽ എവിടെ കാണുന്നു?

൬. നെയ്മീനിൻെറ ഉടലിൽ വണ്ണം കുറഞ്ഞ ഭാഗം ഏതാണ്?

൭. അതിൻെറ വാലിൻെറ ആകൃതി എന്തു്?

൮. അതിൻെറ ശ്വാസക്കുഴൽ എവിടെ ഇരിക്കുന്നു?

൯. നെയ്മീൻ നീന്തുന്നതു് എന്തിൻെറ സഹായത്താലാണ്?

൧൦. അതിൻെറ വാൽ എന്താണ്?

൧൧. അതു വാലാട്ടുന്നതു് എന്തിനാണ്?

൧൨. നെയ്മീൻകൊണ്ടുള്ള ഉപയോഗം എന്തു്?

൧൩. ഏതു ഭാഗമാണ് ഉപയോഗിപ്പാൻ കൊള്ളാവുന്നതു്?

൧൪. അതിൻെറ തീററി എന്താണ്?

൧൫. അതു് വെള്ളത്തിൽ കിടക്കുമ്പോൾ ശ്വാസംവിടുന്നതെങ്ങിനെ?

---

# പാഠം ൧൦.

## ഒച്ച്.



കുട്ടികൾ ഉപയോഗിക്കേണ്ട വാക്കുകൾ:—

| ൧. കൊമ്പുകൾ. | ൨. ഉടൽ. | ൩. തോട്. | ൪. ശീലം. |
|---|---|---|---|
| നാല്, | മുട്ട, | ഇഴയുന്നു, | വലിക്കുന്നു, |
| വലുത്, രണ്ട്, | വഴുതുന്ന, | കൊണ്ടുനട | കൊമ്പുകൾ, |
| ചെറുത്, | തൊലി. | ക്കുന്നു, | ഉടൽ വലി |
| കുമിള, | | ഉരുളൻ മുട്ട | ക്കുന്നു, പേടി |
| കണ്ണുകൾ. | | കൾ. | ച്ച്, ഉറങ്ങുന്നു |

ചോദ്യങ്ങൾ.

൧. ഒച്ചിന് എത്ര കൊമ്പുകൾ ഉണ്ട്?

൨. വലിയ കൊമ്പുകളുടെ അററത്ത് എന്തു കാണുന്നു?

൩. കൊമ്പുകളുടെ അററത്തുകാണുന്ന ചെറിയ ഉണ്ടകൾ എന്താണ്?

൪. ഒച്ചിൻെറ ശരീരം എങ്ങനത്തേതാണു്?

൫. ഒച്ചിൻെറ തൊലി എങ്ങനെത്തേതാണു്?

൬. ൪- ൫- ഉത്തരങ്ങൾ ഒന്നിച്ചു ചേൎത്തു പറക?

൭. ഒച്ചെങ്ങനെ സഞ്ചരിക്കുന്നു?

൮. അതിൻെറ പുറത്തു് എന്തിരിക്കുന്നു?

൯. അതിൻെറ മുട്ടകളുടെ ആകൃതിഎന്തു്?

൧൦. അതു് കൊമ്പുകൾ എവിടെ ചുരുക്കി ഒളിച്ചു വയ്ക്കുന്നു?

൧൧. അതിനു പേടിതോന്നുമ്പോൾ അതു് എന്തുചെയ്യുന്നു?

൧൨. അതു ഉറങ്ങുന്നതു് എവിടെയാണു്?

---

# പാഠം ൧൧.

## പയറ്.



കുട്ടികൾ ഉപയോഗിക്കേണ്ട വാക്കുകൾ:—

**൧. ചെടി.**
ഇല, പച്ച, നീണ്ട, വട്ടമായി, വള്ളിപോലെ.

**൨. പൂവ്.**
വെള്ളനിറം, കണ്ണാംപക്കി പോലെ, കരുമൊട്ട്, പച്ചനിറം, വളഞ്ഞത്.

**൩. കായ്.**
ആദ്യം, വള്ളിപോലെ, കുറെ മുററി, മണികൾ, ഉണ്ടാകുന്നു, വിളഞ്ഞു, തോട്, പൊട്ടി, രണ്ടുവരി, മണികൾ, ഞെട്ട്, കുറുകി, ചേന്റ, അഞ്ചിതൾ, കായിൽ.

## ചോദ്യങ്ങൾ.

൧. പയർച്ചെടി എവിടെ വളരുന്നു?

൨. അതിന്റെ ഞെട്ട് എങ്ങനത്തേത്?

൩. ഞെട്ടിനെ കായുമായി ചേൎക്കുന്നതു് എന്താണു്?
൪. പൂവിൻെറ നിറമെന്തു്?
൫. അതിൻെറ ആകൃതി എന്തു്?
൬. അതിനെ കണ്ടാൽ എന്തുപോലെയിരിക്കും?
൭. ൫-൬-ഉത്തരങ്ങൾ ഒന്നായി ചേൎത്തു പറക?
൮. പൂവിനകത്തു് എന്തുണ്ടാകുന്നു?
൯. പൂ പൊഴിഞ്ഞുപോയാൽ എന്തു ശേഷിക്കുന്നു?
൧൦ പയർ കായ് എന്നാൽ എന്തു്?
൧൧. കായിൽ മണികൾ എവിടെ കാണുന്നു?
൧൨. അവയെ എങ്ങനെ അടുക്കിയിരിക്കുന്നു?
൧൩. പയർമണിയുടെ നിറമെന്തു്?
൧൪. പയറു് എന്തിനുപയോഗിക്കുന്നു?
൧൫. പയററങ്ങ വല്ലതിനും കൊള്ളാമോ?
൧൬. മൂററാത്ത പയററങ്ങയുടെ ആകൃതി എന്തു്?
൧൭. പയർച്ചെടിയുടെ ആകൃതി എന്തു്?

വാദ്ധ്യാൎക്കു് പടം നോക്കി വേറെ ചോദ്യങ്ങൾ ചോദിക്കാമെങ്കിൽ ചോദിച്ചു് ഉത്തരങ്ങൾ പറയിക്കുക?

---

# പാഠം ൧൨.

---

## പരുന്തു്.



കുട്ടികൾ ഉപയോഗിക്കേണ്ട വാക്കുകൾ:—

| ൧. ചുണ്ടും കണ്ണുകളും. | ൨. കാലു്. | ൩. ചിറകുകൾ. | ൪. ശീലം. |
|---|---|---|---|
| പരുന്തു്, ചൂണ്ടപോലെ, ഇര, ദൂരം, കൊണ്ടു, സൂക്ഷ്മം. | മൂർച്ചയുള്ള നഖം, നാലു, വളഞ്ഞു, നല്ല വണ്ണം, വാളൻപുലിയുടെപോലെ. | തൂവലുകൾ, വിടുർത്തി, വളരെ, വീതി, അടിക്കുന്നു. | ചെറിയ പക്ഷികളെ പിടിക്കുന്നു, കൊണ്ടുപൊയ്ക്കളയുന്നു, വളരെ വേഗത്തിൽ, ബലം, പഴകും, യുദ്ധത്തിലും മററും. |

### ചോദ്യങ്ങൾ.

൧. ചിത്രത്തിൽ കാണുന്ന പക്ഷിയുടെ പേരെന്തു്?
൨. പരുന്തിൻെറ ചുണ്ടു് എങ്ങനത്തേതു്?

൩. എത്ര അകലെ ഇരിക്കുന്ന ഇരകളെ പരുന്തിന്നു കാണ്മാൻ കഴിയും?

൪. പരുന്തിന്നു വളരെ ദൂരം കാണാവുന്നതെന്തുകൊണ്ടു്?

൫. ൩- ൪- ഒന്നിച്ചുചേൎത്തു് ഒരുത്തരം പറക?

൬. പരുന്തിൻെറ നഖം എങ്ങനത്തേതു്?

൭. ഓരോ കാലിലും അതിന്നു് എത്ര കാലുണ്ടു്?

൮. നഖങ്ങളുടെ ആകൃതി എന്തു്?

൯. അതിൻെറ ചിറകിലെ തൂവലുകൾ എങ്ങനെയുള്ളവ?

൧൦. ചിറകുകൾക്കുവളരെവീതിവരുന്നതു് എപ്പോൾ?

൧൧. ഇരകളായിത്തീൎന്നവയെ പരുന്തു് എന്തുകൊണ്ടു് അടിക്കുന്നു?

൧൨. അതു് ഇരയാക്കി എടുക്കുന്നതു് എന്തിനെയെല്ലാമാണു്?

൧൩. അതു് ഇര തട്ടി എടുത്തുകൊണ്ടുപോകുന്നതിന്നു് എങ്ങനെ പറയും?

൧൪. അതിന്നു് ഇരയുംകൊണ്ടു വേഗത്തിൽ പോകാവുന്നതു് എന്തുകൊണ്ടു്?

൧൫. അതു് ഇരകാണുമ്പോൾപറക്കുന്നതു് എങ്ങിനെ?

൧൬. അതു് ഇണങ്ങുന്ന പക്ഷിയാണോ?

൧൭ ഇണക്കി എന്തിന്നു് ഉപയോഗിക്കാം?

---

# പാഠം ൧൩,

## തെങ്ങു്.



കുട്ടികൾ ഉപയോഗിക്കേണ്ട വാക്കുകൾ:—

| ൧. തടി. | ൨. മണ്ട. | ൩. ഉപയോഗം. |
| --- | --- | --- |
| ഒററത്തടി, അറുപതടിയോളം കിളരും, വൃത്താകാരം, വടിവു്, മടൽ അടന്നതു്, കവരം അസാധാരണം, അടയ്ക്കാമരം, പന മുതലായവ. | ഓല, മടൽ, ഓരോന്നിലും വേർവിട്ടു കാണും, തൈത്തെങ്ങിൽ ഒന്നിച്ചു ചേന്നു്, കൊതുമ്പു്, പൂവു്, മൂടുന്നു, വെള്ളയ്ക്കാ, കരുക്കു്, തേങ്ങാ, തൊണ്ടു്, ചിരട്ട. | വിറകിനു, കെട്ടിടത്തിനു, വെള്ളം മധുരം, കറിക്കു്, എണ്ണ, ചകരി, കയർ മുതലായതു്, മിടഞ്ഞു, മേയുന്നു, പുര. |

## ചോദ്യങ്ങൾ.

൧. തെങ്ങ് എന്തുമാതിരി മരമാണ്?

൨. ആ മാതിരി അല്ലാത്ത തെങ്ങുകൾ കണ്ടിട്ടുണ്ടോ?

൩. തെങ്ങുപോലെയുള്ള ചില മരങ്ങളുടെ പേർ പറക?

൪. തെങ്ങ് എത്രത്തോളം വളൎന്നു പൊങ്ങും?

൫. തെങ്ങിൻതടിയിൽ കാണുന്ന പകുതി വളഞ്ഞ പാടുകൾ അവിടെ എങ്ങിനെ ഉണ്ടായി?

൬. ഓല എന്നുവച്ചാൽ എന്തു്?

൭. മൂററിയ തെങ്ങിലേയും തൈത്തെങ്ങിലേയും ഓലകൾ തമ്മിൽ ആകൃതിയിൽ വല്ല വ്യത്യാസവും ഉണ്ടോ?

൮. പൂക്കുലയെ മൂടിയിരിക്കുന്ന സാധനത്തിന്റെ പേരെന്തു്.

൯. കുലയിലെ ഓരോ പൂവും ഒടുവിൽ എന്തായിട്ടുതീരുന്നു?

൰. അല്പം മൂറവുമ്പോൾ അതിനുള്ള പേരെന്തു്?

൧൧. നന്നായ് മൂററിയതിനു പേരെന്തു്?

൧൨. തേങ്ങയെ എന്തു പൊതിഞ്ഞിരിക്കുന്നു?

൧൩. പൊതി മാററിയാൽ ഉടനേ കാണുന്നതു് എന്താണു്?

൧൪. തേങ്ങയുടെ ആകൃതി എന്തു്?

൧൫. തെങ്ങിൻതടി എന്തിനെല്ലാം ഉപയോഗിച്ചുവരുന്നു?

൧൬. കരുക്കിൻവെള്ളത്തിന്റെ രുചി എന്തു്?

൧൭. തേങ്ങാപ്പരിപ്പു് എന്തിനു കൊള്ളാം?

൧൮. തൊണ്ടിനുള്ളിൽ ചിരട്ടയെ പൊതിഞ്ഞു കാണുന്നതു് എന്താണു്?

൧൯. ആ സാധനം എന്തിനു കൊള്ളാം?

൨൦. ഓല എന്തിനു കൊള്ളാം?

൨൧. അതിനെ അങ്ങിനെ ഉപയോഗിക്കുന്നതു് എന്തു ചെയ്തതിനു ശേഷമാണു്?

# പാഠം ൧൪.

---

## നെല്ലു്.



കുട്ടികൾ ഉപയോഗിക്കേണ്ട വാക്കുകൾ:—

൧. ചെടി.

കനം കുറവു,
മുട്ടുള്ളതു്,
അകം പൊള്ള,
ഇല, അരമുള്ളതു്,
വേരു ചെടപിടിച്ചതു്,
വെള്ളത്തിൽ വളരുന്നു,
ആറടിയോളംപൊക്കം.

൨. ധാന്യം ഉപയോഗം മുതലായതു്.

കതിർ, പോളയിൽ, കൂട്ടമായി നില്ക്കുന്നു, അരമുണ്ടു്, അററം കൂർത്തു്, സൂചിപോലെ, തോടു്, ചുകപ്പുനിറം, പററൽ, അവയ്ക്കുക, തവിടു, അരി, നീണ്ടും ഉരുണ്ടും, ഉണ്മാൻ, മാവു്, വെള്ള നിറം, പലഹാരം, ഉണങ്ങിയ തണ്ടു്, വയ്ക്കോൽ, കാലികൾക്കു്, തീററി.

## ചോദ്യങ്ങൾ.

൧. നെൽക്കതിർ ഉണ്ടാകുന്നതു നെല്ലിൻെറ ഏതു ഭാഗത്താണ്?
൨. നെൽത്തണ്ട് എങ്ങനെ ഇരിക്കുന്നു?
൩. അതിൻെറ അകം എങ്ങനെഇരിക്കും?
൪. നെല്ലോല (പൊളി) എവിടെകാണുന്നു?
൫. പൊളിക്കുള്ള വിശേഷമെന്തു്?
൬. അതു തെങ്ങോലപോലേതന്നേയാണോ?
൭. നെല്ലിൻെറവേരു എങ്ങനെയിരിക്കുന്നു?
൮. നെല്ലു വളരുന്നതു് എവിടെയാണ്?
൯. മററു വല്ലടത്തും അതു വളരുമോ?
൧൦. അതിനു കൂടിയാൽ എത്ര പൊക്കംവരും?
൧൧. കതിർ എങ്ങനെഇരിക്കും?
൧൨. നെന്മണി പുറത്തുതൊട്ടാൽ എങ്ങനെഇരിക്കും?
൧൩. അതിൻെറ അററം എങ്ങനെഇരിക്കും?
൧൪. തോട്ട(ഉമി)മാററിയാൽ അരിയുടെ നിറമെന്തു്?
൧൫. ആ നിറം മാററാമോ?
൧൬. എങ്ങിനെ മാററാം?
൧൭. ആ നിറത്തോട്ടക്കൂടിയ സാധനത്തിൻെറ പേരെന്തു്?
൧൮. അരിയുടെ ആകൃതി എന്തു്?
൧൯. അരി എന്തിനുകൊള്ളാം?
൨൦. പലഹാരത്തിന് അരി എങ്ങനെയാണുപയോഗിക്കേണ്ടതു്?
൨൧. ഉണങ്ങിയ നെൽത്തണ്ടിനു പേരെന്തു്?
൨൨. അതിൻെറ നിറമെന്തു്?

൨൩. അതു കനമുള്ളതോ ഇല്ലാത്തതോ?
൨൪. അതെന്തിനുകൊള്ളാം?

---

## പാഠം ൧൫.

---

### സ്ലേറ്റ്.

കുട്ടികൾ ഉപയോഗിക്കേണ്ട വാക്കുകൾ:—

| ൧. സ്ലേറ്റ്. | ൨. ഖനി. | ൩. ഉപയോഗം. |
|---|---|---|
| ചില മലകൾ, | ഖനി, | പള്ളിക്കൂടങ്ങൾ, |
| മുറട്ട്, | അററം, | എഴുതുക, |
| പാറ, | പടിപോലെ, | മൃദു, |
| വലിയ പലക | കഷണങ്ങൾ, | ചിലദിക്കുകളിൽ, |
| കൾ, | എളുപ്പം. | പുര മേയാൻ, |
| പിന്നീട്. | | ഓട്ടിനു പകരം. |

### ചോദ്യങ്ങൾ.

൧. ചില മലകളിൽനിന്ന് എന്തു വെട്ടി എടുക്കുന്നു?
൨. സ്ലേറ്റ് മുറട്ടായ പാറയാണോ? അതോ അതു മൃദുവായ പാറയാണോ?
൩. രണ്ടുത്തരവും ഒന്നിച്ചു ചേർത്തു പറക.
൪. സ്ലേറ്റ് കുഴിച്ചെടുക്കുന്നസ്ഥലത്തിനു പേരെന്തു്?
൫. ഖനിയുടെ അററം എങ്ങനെ ഇരിക്കുന്നു?
൬. കുഴിച്ചെടുക്കുമ്പോൾ അതെങ്ങനെയിരിക്കും?

൭. നാം കാണുന്ന ആകൃതി അതിന് എപ്പോഴാണുണ്ടാകുന്നത്?

൮. സ്ലേററ് കണ്ടിച്ചെടുക്കാനും പൊട്ടിക്കാനും പ്രയാസമുണ്ടോ?

൯. പള്ളിക്കൂടങ്ങളിൽ സ്ലേററ് എന്തു വകയ്ക്കുപയോഗിക്കുന്നു?

൧൦. പള്ളിക്കൂടത്തിലെ സ്ലേററുകൾ മൃദുവായതോ കട്ടത്തതോ?

൧൧. ചിലദേശങ്ങളിൽ സ്ലേററ് എന്തുവകയ്ക്കുപയോഗിച്ചുവരുന്നു?

൧൨. എന്തിനു പകരം?

൧൩. ൧൧- ൧൨- ഉത്തരങ്ങൾ ഒന്നിച്ചു ചേർത്തുപറക

---

## പാഠം ൧൩.

---

### ചാക്ക്.

ഉപയോഗിക്കേണ്ട വാക്കുകൾ:—

| ൧. ലോഹം. | ൨. പാകംചെയ്യുന്ന വിധം. | ൩. ഉപയോഗം. |
|---|---|---|
| ചാക്ക്, പാറ, മൃദു, ഖനി, വെള്ള നിറം. | ചൂള, കെട്ടിടം, ചുടുന്നു, ചുണ്ണാമ്പ്, കിളന്ത്, അടിയിൽ. | വെള്ള, പള്ളിക്കൂടം, എഴുത്തു, ബോർഡ്. |

## ചോദ്യങ്ങൾ.

൧. ചാക്ക കടുത്തതോ മൃദുവോ?
൨. അതു പാറയോ മണ്ണോ?
൩. അതു് എവിടുന്നു വെട്ടിഎടുക്കുന്നു?
൪. മൂന്നുത്തരവും ഒന്നായിചേൎത്തുപറക.
൫. ഖനിക്കടുത്തുകാണുന്ന കെട്ടിടമെന്തു്?
൬. ചാക്ക ചുടുന്നതെന്തിനാണു്?
൭. ചാക്കിന്റെ നിറമെന്തു്?
൮. അതിന്റെ ഉപയോഗമെന്തു്?
൯. അതുകൊണ്ടു എങ്ങനെയുള്ള സ്ഥലത്താണു് എഴുതിയാൽ കാണാവുന്നതു്?
൧൦. ഖനിയുടെ അററം കിളൎന്നതോ താണതോ?
൧൧. ചൂള എന്നാൽ എന്താണു്?
൧൨. വാദ്ധ്യാർ എഴുതുന്നതു് എവിടെയാണു്?

---